

In the Name of Allah, The Most Gracious, The Most Merciful

# HAZRAT AMIR'UL MOMENEEN MUHYI-UD-DIN

## MUNIR AHMAD AZIM (atba)

## 18 April 2008

## (Summary of the Sermon)

# FRIDAY SERMON
# വെള്ളിയാഴ്ച ഖുത്തുബ

സലാമിനു ശേഷം തശ്ശഹ്ദ്, തഅവ്വുദ്, സൂറ ഫാത്തിഹ ഓതിയ ശേഷം ഹസ്രത്ത് അമീറുൽ മുഅ്മിനീൻ മുഹ്യിദ്ദീൻ മുനീർ അഹ്മദ് അസീം(atba) വിശുദ്ധഖുർആനിലെ 13-ാം അധ്യായമായ **സൂറ : അർറഅദ്** -ലെ 28 മുതൽ 30 വരെയുള്ള വചനങ്ങളുടെ വിശദീകരണം നല്കുകയുണ്ടായി.

وَيَقُولُ الَّذِينَ كَفَرُوا لَوْلَا أُنزِلَ عَلَيْهِ آيَةٌ مِّن
رَّبِّهِ ۚ قُلْ إِنَّ اللَّهَ يُضِلُّ مَن يَشَاءُ وَيَهْدِي إِلَيْهِ
مَنْ أَنَابَ ﴿٢٨﴾

**13 : 28**

അവന് തന്റെ നാഥനിൽ നിന്ന് എന്തുകൊണ്ട് ഒരു ദൃഷ്ടാന്തം ഇറക്കപ്പെടുന്നില്ല? എന്ന് അവിശ്വാസികൾ ചോദിക്കുന്നു. പറയുക, താനുദ്ദേശിക്കുന്നവരെ അല്ലാഹു വഴികേടിൽ വിടുന്നു. അവങ്കലേക്ക് മടങ്ങുന്നവരെ അവൻ നേർവഴിയിലാക്കുകയും ചെയ്യുന്നു.

അല്ലാഹു(ത) തന്റെ സൃഷ്ടികൾക്ക് എല്ലാവർക്കും, പ്രത്യേകിച്ച് മനുഷ്യർക്കും ഒട്ടനവധി അനുഗ്രഹങ്ങൾ ചെയ്തുകൊടുത്തിരിക്കുന്നു എന്ന് ഈ ആയത്തിൽ നിന്നും നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നു. അവൻ ആദ്യം ആകാശത്തോടുകൂടിയ പ്രപഞ്ചത്തിനെയും, തുടർന്ന് ഭൂമിയെയും മനു

ഷ്യന്റെ വരുതിയിലാക്കി സൃഷ്ടിച്ചു. ഇത് അല്ലാഹു(ത) മനുഷ്യർക്ക് നല്കിയ ഏറ്റവും മഹത്തായ ഔദാര്യങ്ങളിൽ ഒന്നാകുന്നു.

ഉദാഹരണമായി പറഞ്ഞാൽ, നമ്മളെങ്ങനെയാണ് ഒരു വിത്ത് കണ്ടാൽ അത് ഏതു സസ്യത്തിന്റേതാണ് എന്ന് തിരിച്ചറിയുന്നത്? നമ്മൾ അത് പാകി കിളിർപ്പിച്ച്, പരിപാലിക്കും. അങ്ങനെ ആഴ്ചകൾ മാസങ്ങളായി മാറുമ്പോൾ നമുക്ക് ആ ചെടിയുടെ പൂവും കായും ഒക്കെ കാണാൻ സാധിക്കും. അങ്ങനെയാണ് നാം ഓരോന്നിനെയും തിരിച്ചറിയുക അല്ലേ? അങ്ങനെ നാം നടുന്ന ചെടികളുടെയും, പച്ചക്കറികളുടെയും ഫലവൃക്ഷങ്ങളുടെയും ഒക്കെ കായ്കളും, പൂക്കളും ഇലകളുമൊക്കെ കണ്ട് നാം അവയുടെ ഗുണങ്ങളും, ഉപയോഗവും വിത്തുകളുടെ ആകൃതിയും ഒക്കെ തിരിച്ചറിയുന്നു. നാം നട്ടു പരിപാലിക്കുന്ന തോട്ടത്തിൽ ആ ചെടികളെ നശിപ്പിക്കുവാനായി കടന്നുവരുന്ന ചെറുപ്രാണികളെയും നാം കാണാറുണ്ട്.

അല്ലാഹു(ത) മനുഷ്യനെ ഭൂമിയിലേക്ക് അയച്ചപ്പോഴും, ഇതേ തത്ത്വം തന്നെയാണ് പ്രയോഗിക്കുകയുണ്ടായത്. അല്ലാഹു(ത) ആകാശവും ഭൂമിയും സൃഷ്ടിച്ച് മനുഷ്യർക്കും മറ്റ് ജന്തുജാലകൾക്കുമായി അവ വിട്ടുനല്കുകയുണ്ടായി എന്ന് വിശുദ്ധഖുർആനിൽ നാം വായിക്കുന്നു. പക്ഷേ മനുഷ്യരാകട്ടെ, അവർ നിരന്തരം ചോദ്യങ്ങൾ ചോദിക്കുകയും, ഒരിയ്ക്കലും തൃപ്തരാകാതെ അസ്വസ്ഥരായി കാണപ്പെടുകയും ചെയ്യുന്നു. മനുഷ്യനെ സൃഷ്ടിക്കുന്നതിനുമുമ്പായി അല്ലാഹു(ത) അവന്റെ ജീവിതത്തിനാവശ്യമായതെല്ലാം ഒരുക്കിവെച്ചു. അതുപോലെ, ഭൂമിയിൽ സുഖപ്രദമായ ജീവിതം നയിക്കുന്നതിന് പര്യാപ്തമായ നിലയിൽ മനുഷ്യനായി ഭൂമിയിലെ എല്ലാവിധ സുഖലോലുപതയും നല്കി അല്ലാഹു(ത) മനുഷ്യനെ തൃപ്തനാക്കി. അതുവഴി പാരത്രിക ലോകത്ത് (ആഖിറത്ത്) പ്രതിഫലം ലഭിക്കത്തക്ക രീതിയിലുള്ള സൽക്കർമ്മങ്ങളിൽ നാം ഏർപ്പെടുവാനായി.

ജീവിതം നയിക്കാൻ അനുപേക്ഷണീയമായ ഒരു ഭൗതീക ശരീരത്തോടും, ആത്മാവോടും കൂടിയാണ് അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചത്. അതോടൊപ്പം, അവനെ നേർമാർഗ്ഗത്തിലേക്ക്–അവന്റെ സ്രഷ്ടാവിന്റെ പാതയിലേക്ക്–നയിക്കുവാനും,

അപകടങ്ങളിൽ നിന്നും, വിപത്തുകളിൽ നിന്നും മുന്നറിയിപ്പ് നല്കുവാനും ആയി അല്ലാഹു(ത) അവന്റെ ദൂതന്മാരെ ഭൂമിയിലേക്ക് നിയോഗിക്കുകയും ചെയ്തിരിക്കുന്നു. അതായത് ആട്ടിൻപറ്റത്തെ മേയുവാനായി, പുൽമേടുകളിലേക്ക് നയിയ്ക്കുവാനും, വന്യമൃഗങ്ങളിൽ നിന്നും അവയെ സംരക്ഷിക്കുന്നതിനും നമുക്ക് ഒരു ഇടയനെ ആവശ്യമാണല്ലോ. അല്ലാഹു ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചതോടൊപ്പം അതിന്റെ ശരിയായ പരിപാലനത്തിനായി, ഓരോരോ മലക്കുകളെ പ്രത്യേകം പ്രത്യേകം ചുതലകൾ നല്കി, നിയോഗിക്കുകയും ചെയ്തു. ഇതുപോലെ അല്ലാഹു അവന്റെ തെരെഞ്ഞെടുക്കപ്പെട്ട ദൂതനെ അവരെപോലെ ഭക്ഷണം കഴിയ്ക്കുകയും, അതേ ഭാഷ സംസാരിക്കുകയും,ചെയ്യുന്ന ഒരു മനുഷ്യനെ അവരിലേക്ക് നിയോഗിക്കുന്നു.

ഒരു പ്രവാചകനും, ഒരു സാധാരണ മനുഷ്യനും തമ്മിലുള്ള ഒരേ ഒരു വ്യത്യാസം പ്രവാചകന് അല്ലാഹുവിൽ നിന്നും വെളിപാടുകളിലൂടെ ലഭിക്കുന്ന നിർദ്ദേശങ്ങൾ മാത്രം പാലിക്കേണ്ട ആളും, സാധാരണ മനുഷ്യൻ ഇങ്ങനെ ലഭിക്കപ്പെടുന്ന നിർദ്ദേശങ്ങളെയും, ആജ്ഞകളെയും വിശ്വസിക്കേണ്ടവനും ആകുന്നു എന്നതത്രേ. അങ്ങനെ അവൻ തന്റെ സ്രഷ്ടാവിന്റെ പാതയിലേക്ക്-നേർമാർഗ്ഗത്തിലേക്കുള്ള പാത സ്വീകരിക്കേണ്ടവനും ആകുന്നു. ദൂതൻ ഒരു ദൈവീക മനുഷ്യനാണ്. തനിക്ക് ലഭ്യമാകുന്ന ദിവ്യസന്ദേശങ്ങളെ മനുഷ്യർക്ക് പകർന്നു കൊടുക്കുകയും, സൽപ്രവൃത്തികളെ ആചരിക്കുകയും, ദുഷ്പ്രവൃത്തികളെ നിരാകരിക്കുകയം ചെയ്യുക എന്നതാണ് അദ്ദേഹത്തിന്റെ കർത്തവ്യങ്ങൾ

അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു.

മതത്തിൽ യാതൊരു നിർബന്ധവും ഇല്ല ദൂതൻ വന്നിരിക്കുന്നത് സന്ദേശം പകർന്നു നല്കുവാൻ മാത്രമാണ്. ഇസ്ലാം (ഏകദൈവത്തിലുള്ള സമർപ്പണം) സ്വീകരിക്കുന്നതിന് ആരേയും നിർബന്ധം ചെലുത്തുന്നതിനുള്ള ഒരവകാശവും അദ്ദേഹത്തിനില്ല. സന്ദേശം സ്വീകരിക്കണോ, വേണ്ടയോ എന്നത് ജനങ്ങൾക്കു വിട്ടുകൊടുത്തിരിക്കുന്നത്, സ്വീകരിക്കുന്നത് അവർക്ക് ഏറെ പ്രയോജനകരമത്രേ. കാരണം അതിനുള്ള പാരിതോഷികം അവർക്ക് ലഭിക്കുക പ്രവാചകനിൽ നിന്നല്ല,

മറിച്ച് അല്ലാഹുവിൽ നിന്നാകുന്നു. പ്രവാചകൻ ദിവ്യസന്ദേശം സ്വീകരിക്കുന്ന ഒരു മാധ്യമം മാത്രമാകുന്നു. മനുഷ്യരുടെ ഇട യിൽ ഒരു പ്രവാചകന്റെ ആവശ്യകത എന്ത് എന്ന് ചിന്തിച്ചാൽ അതിന്റെ വിശദീകരണം ഇനി പറയുന്ന പ്രകാരമാണ്.

നാം ശരിയായ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനു വേണ്ടി നമ്മുടെ കുഞ്ഞുങ്ങളെ വിദ്യാലയങ്ങളിലേക്ക് അയക്കുന്നു. കുട്ടിയുടെ ബാഗ് നിറയെ പുസ്തകങ്ങൾ ഉണ്ടെങ്കിൽത്തന്നെ, അവന് ശരിയായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുവാൻ ടീച്ചർ വേണം. ടീച്ചർ എല്ലാ ദിവസവും അവന് പാഠങ്ങൾ പഠിപ്പിച്ചു കൊടുക്കുകയും, അവന് ഗ്രഹിക്കുവാൻ പ്രയാസമായവ വിശ ദീകരിച്ചു കൊടുക്കുകയും ചെയ്യുന്നു. അദ്ദേഹം പഠിപ്പിക്കു ന്നതും, വിശദീകരിക്കുന്നതും നന്നായി മനസ്സിലാക്കുന്നവർ, അവരുടെ പാഠങ്ങൾ നന്നായി പഠിക്കുന്നു. അല്ലാതെയുള്ള വർ പഠനത്തിൽ ഉഴപ്പന്മാരാവുകയും, പിന്നാക്കം പോകുന്നവ രായി മാറുകയും ചെയ്യുന്നു. നന്നായി പഠിച്ച കുട്ടി പിൽക്കാ ലത്ത് യൗവ്വനദശയിലെത്തുമ്പോൾ, ജോലി നേടുമ്പോൾ, തന്റെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം അവൻ മനസ്സിലാക്കു ന്നു. എന്നാൽ, ബാല്യത്തിൽ അവൻ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നില്ലെങ്കിൽ, അത് പില്ക്കാലത്ത് അവർ നഷ്ടകാരികളുടെ കൂട്ടത്തിൽ ആകുന്നതിന് കാരണം ആകു ന്നതാണ് എന്ന് മനസ്സിലാക്കുമ്പോഴേക്കും ഒരുപാട് വൈകി പ്പോകും. ഞാൻ തെറ്റായ കാര്യങ്ങൾ ചെയ്യുന്നവരുടെ സംഘ ത്തിൽപെട്ടവനായി പോയിരുന്നതിനാൽ സ്വയം നല്ല ശിക്ഷണം നല്കുന്നതിന് അവന് ലഭിക്കുമായിരുന്ന സുവർണ്ണാവസര ങ്ങളെ അവൻ പാഴാക്കിക്കളഞ്ഞു എന്നർത്ഥം. ഒരു കുട്ടിയെ സ്കൂളിലയയ്ക്കേ ണ്ടതിന്റെ പ്രധാന്യം എത്രയാണെന്ന് വിശ ദമാക്കുന്ന ഇത് ഭൗതികമായ ഒരുതലമാണ്. അതേ സമയം, ആത്മീയ തലത്തിൽ ഇങ്ങനെ അല്ല. അതിലും പ്രാധാന്യം ഉൾക്കൊള്ളുന്നു. അല്ലാഹു മാനവരാശിക്ക് വേണ്ട സമയത്ത് അവനിലേക്ക് ഒരു ദൂതനെ നിയോഗിക്കുന്നില്ല എങ്കിൽ അവ രുടെ സ്കൂൾവിദ്യാഭ്യാസമോ സർവ്വകലാശാല വിദ്യാഭ്യാസ മോ, അവരുടെ മുന്നിലുള്ള പുസ്തക്കൂമ്പാരാങ്ങളോ അവർക്ക് ഒരു പ്രയോജനവും ചെയ്യുന്നില്ല. ഇത് എന്തുകൊണ്ടാണ്?

അതൊരു വലിയ ചോദ്യം തന്നെയാണ്. നാം നമ്മുടെ ചുറ്റു

മുള്ള ലോകമൊന്നു നിരീക്ഷിച്ചാൽ, വലിയ വലിയ സ്കൂളുകളും, പ്രശസ്തമായ യൂണിവേഴ്സിറ്റികളും ഒക്കെയായി, ആധുനിക സാങ്കേതിക വിദ്യനിറഞ്ഞു തുളുമ്പുന്ന ഒരു ലോകമാണ് ഇതെന്നു നാം കാണും. പക്ഷേ, എന്താണ് ചുറ്റും സംഭവിച്ചുകൊണ്ടിരിക്കുന്നത്? ജനങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെയും, കടാക്ഷങ്ങളെയും ദുരുപയോഗം ചെയ്തിരിക്കുന്നു. പകരം അവർ സ്വീകരിച്ചിരിക്കുന്നത് എന്താണ്?

അധാർമ്മിക പ്രവൃത്തികൾ, അഴിമതി, കള്ളത്തരം, മോഷണം, ചൂതാട്ടം തുടങ്ങിയവ. സത്യത്തിൽ, നല്ല അധ്യാപനങ്ങളെല്ലാം തന്നെ ചവിട്ടിയരയ്ക്കപ്പെട്ട് കുപ്പത്തൊട്ടിയിൽ തള്ളപ്പെട്ടിരിക്കുന്നു. നേർമാർഗ്ഗത്തിൽ നിന്നും പിശാച് മനുഷ്യനെ ദൂരപ്പെടുത്തിക്കളഞ്ഞിരിക്കുന്നു. ഭൗതീകലോകത്തെ കാഴ്ചകൾ അവൻ മനുഷ്യനെ വശീകരിക്കും പ്രകാരമുള്ളതാക്കി, നിഷ്പ്രയാസം അവന്റെ വലയിൽ വീഴ്ത്താൻ തക്ക പ്രലോഭനങ്ങൾ നിറഞ്ഞതാക്കി അവതരപ്പിച്ചിരിക്കുന്നു. ചുരുക്കത്തിൽ ഈ മായക്കാഴ്ചകളിൽ ആകൃഷ്ടനായ മനുഷ്യൻ നമസ്കാരം, ദുആ, ദിക്ർ, ഖുർആൻ പാരായണവും, പഠനവും, സത്ക്കർമ്മങ്ങളും ഒക്കെ കൈവെടിഞ്ഞ് ആത്മീയത വെടിഞ്ഞ നിലയിലായി.

അവൻ തന്റെ സ്രഷ്ടാവിനെ വിസ്മരിച്ചു. തന്റെ നാഥനെ കൈവിട്ട് പകരം മറ്റു സൃഷ്ടികളെ ദൈവമായും ദേവതകളായും സ്വീകരിയ്ക്കുകയും ചെയ്തിരിക്കുന്നു.

ഇസ്ലാം മറ്റെല്ലാ മതങ്ങളുടെയും, വർഗ്ഗങ്ങളുടെയും, വർണ്ണങ്ങളുടെയും, ഗോത്രങ്ങളുടെയും ആവശ്യകതകളെ പൂർത്തിയാക്കുന്ന ഒന്നാണ്. ആത്മീയ തലത്തിൽ, നമുക്കെന്ത് ആവശ്യമുണ്ടെങ്കിലും അത് നിവർത്തിച്ചു കിട്ടുവാനായി നാം നമ്മുടെ സ്രഷ്ടാവായ അല്ലാഹുവിനോട് നേരിട്ട് ചോദിയ്ക്കുന്നു. വിശ്വാസത്തെ തിരസ്ക്കരിക്കുന്നവർ പഠിയ്ക്കുവാൻ ഇഷ്ടമില്ലാത്ത കുട്ടികളെപോലെയാകുന്നു. അവർക്ക് തങ്ങളുടെ ഗൃഹപാഠം ചെയ്യുവാനോ, എഴുതുവാനോ, വായിക്കുവാനോ ഒന്നും താത്പര്യമില്ല. അവർ തങ്ങളെ മാത്രമല്ല, തങ്ങളുടെ കൂട്ടുകാരെയും പഠനത്തിൽ നിന്നും വ്യതിചലിപ്പിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കും.

ഇത് വളരെ ലളിതമായ ഒരു ഉദാഹരണമാകുന്നു. ഇതുപോലെ, ഒരു ദൂതൻ നിയോഗിയ്ക്കപ്പെടുമ്പോൾ, അധർമ്മകാരികൾ സത്യവിശ്വാസികളെ വഴിതെറ്റിക്കുന്നതിനുള്ള തന്ത്രങ്ങളുമായി കടന്നുവരും. അവർ ആ ദൂതനെ കരിതേച്ചു കാട്ടുവാനുള്ള തന്ത്രങ്ങളുമായി കടന്നുവരികയാണ് ചെയ്യുന്നത്. ആധുനിക കാലത്തിന്റെ മതിഭ്രമങ്ങളിൽ ആഴ്ന്നു പോയവരാണ് ഇക്കൂട്ടർ. ഈ നൈമിഷികസുഖങ്ങളെല്ലാം വെടിഞ്ഞ്, തങ്ങളുടെ സ്രഷ്ടാവിനെ നേരിൽ കാണുന്നതിനായി ഒരു ദിവസം പോകേണ്ടവരാണ്, തങ്ങൾ എന്ന സത്യം അവർ മറന്നുപോയിരിക്കുന്നു. അവരാണ് അവിശ്വാസികളും, കുൽസിത പ്രവർത്തകരും അത്തരക്കാർ അല്ലാഹുവിന്റെ കല്പനകളെയും, മാർഗ്ഗനിർദ്ദേശങ്ങളെയും അനുസരിക്കുകയും പാലിക്കുകയും ചെയ്യേണ്ടവർതന്നെയാണ്.

ഞാൻ ദൈവീക വെളിപാടുകൾ ലഭിച്ചുകൊണ്ടിരിക്കുന്ന ആളാണ്. എനിക്ക് ലഭ്യമാകുന്ന ദിവ്യസന്ദേശങ്ങളെ നിങ്ങളുമായി പങ്കുവെക്കുവാനും, നിങ്ങൾക്ക് സത്കൃത്യങ്ങളിൽ മാർഗ്ഗനിർദ്ദേശം നല്കുവാനും, നിങ്ങളിലേക്ക് വരാനിടയുള്ള വിപത്തുകളെ പറ്റി മുന്നറിയിപ്പ് നല്കുന്നതിനും വേണ്ടി നിയോഗിക്കപ്പെട്ട ആളാണ് ഞാൻ. അല്ലാഹുവിന്റെ പ്രവാചകനെ നിങ്ങൾ അനുസരിക്കുകയാണെങ്കിൽ നിങ്ങൾക്ക് ഇഹലോകത്തും, പാരത്രികലോകത്തും ലഭ്യമാകുന്ന നേട്ടങ്ങളെപറ്റി ഒന്ന് ആലോചിച്ചു നോക്കൂ. കുതന്ത്രകാരികളും, അക്രമികളും ആയ ജനങ്ങളാകട്ടെ, അവർ പ്രവാചകനെ ഭ്രാന്തനെന്നും, മയക്കുമരുന്ന് അടിമയെന്നും, പിന്തിരിപ്പനെന്നും വിളിച്ചാക്ഷേപിക്കുന്നു. എന്നിട്ടവർ, ഈ പ്രവാചകന്റെ സത്യതയെ തെളിയിക്കുവാൻ അല്ലാഹുവിൽ നിന്നുള്ള ഒരു ദൃഷ്ടാന്തം വെളിപ്പെടാത്തത് എന്ത് എന്ന് ചോദിക്കുകയും ചെയ്യുന്നു. അവർ കരുതിയിരിക്കുന്നത് ദൃഷ്ടാന്തങ്ങൾ ഒരു ജാലവിദ്യപോലെ പ്രത്യക്ഷപ്പെടും എന്നാണ്? അതായത് ഒരു മന്ത്രം ചൊല്ലുമ്പോൾ പ്രത്യക്ഷപ്പെടുന്ന ഒന്നാണ് അത് എന്നത്രേ അവർ കണക്കുകൂട്ടിയിരിക്കുന്നത്. അല്ലാഹു പറയുന്നത്, ദൂതന്റെ നിയോഗത്തെപ്പറ്റി അറിഞ്ഞാലുടൻ വിശ്വസിയ്ക്കണം എന്നാണ്. അപ്പോൾ അല്ലാഹു(ത) തന്റെ തെരെഞ്ഞെടുക്കപ്പെട്ട ദൂതൻ മുഖാന്തിരം ദൃഷ്ടാന്തങ്ങൾ വെളിപ്പെടുത്തും. നിങ്ങൾ നിങ്ങളെ സ്വയമൊന്നു നിരീ

ക്ഷിച്ചാൽ, നിങ്ങൾ തന്നെ, അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളാണ് എന്നു കാണാം. നിങ്ങൾ കഴിയ്ക്കുന്നതിലും, കുടിയ്ക്കുന്നതിലും, നിങ്ങളുടെ കർമ്മങ്ങളിലും, ചലനങ്ങളിലും എന്തിനേറെ നിങ്ങളുടെ ശ്വാസഗതിയിൽ പോലും, നിങ്ങൾക്ക് അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ കാണാം. പക്ഷേ, മനുഷ്യർ ഒരിയ്ക്കലും സംതൃപ്തരല്ല. അവരിലേക്ക് ഒരു പ്രവാചകൻ നിയോഗിക്കപ്പെടുമ്പോൾ, അവർ സദാ അദ്ദേഹത്തിൽ തെറ്റുകുറ്റങ്ങൾ ആരോപിക്കുകയും, അദ്ദേഹത്തെ മോശക്കാരനായി ചിത്രീകരിക്കുകയും ചെയ്യുന്നു. അവർ നമ്മുടെ പ്രവാചകനെ(സ) കഠിന വാക്കുകൾ ഉപയോഗിച്ച് അപമാനിക്കുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു. ഓ! പ്രവാചകരെ! ആ അക്രമികളെ അല്ലാഹു അവരുടെ വഴിക്ക് വിട്ടിരിക്കുന്നു എന്ന് അവരോട് പറഞ്ഞേക്കുക. അവർ യുക്തിപരമായി ചിന്തിക്കുന്നവരല്ല. അവർക്ക് ഈ പ്രപഞ്ചത്തിന്റെ സൗന്ദര്യത്തെ അല്ലാഹുവിന്റെ ദൃഷ്ടാന്തമായി കാണുവാൻ സാധിക്കുകയില്ല. അവർ സദാ അസംതൃപ്തരാണ്. അവർ പുതിയ പുതിയ അടയാളങ്ങൾക്കുവേണ്ടി വാശിപിടിച്ചുകൊണ്ടിരിക്കുക തന്നെ ചെയ്യുന്നതാണ്. അവരുടെ പല്ലവികൾ ഇങ്ങനെ പോകുന്നതായി കാണാം. എത്ര നാളായി മഴ പെയ്തിട്ട്. എല്ലായിടത്തും വരൾച്ച ബാധിച്ചിരിക്കുന്നു. ജലദൗർലഭ്യം കാരണം, കിണറുകൾ വറ്റി വരളുകയും പച്ചക്കറികൃഷിക്ക് അത്യാവശ്യം വേണ്ട വെള്ളം ലഭിക്കാതെ അവയൊക്കെ വാടിക്കരിഞ്ഞിരിക്കുന്നു. കീടബാധയും, വൈറസ് ബാധയും ഒക്കെയായി എല്ലാം നശിക്കുന്നു എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു അവർ. എന്നാൽ ആത്മാർത്ഥമായ ദുആയുടെ പരിണിതഫലമായി അല്ലാഹു(ത) അവന്റെ അനുഗ്രഹത്താൽ, മഴപെയ്തു തുടങ്ങിയാൽ അവർ സ്വസ്ഥത നഷ്ടപ്പെടുന്നവരായി കാണാം. എന്തൊരു മഴയാണ്! ഇതൊന്നു തീരുന്നില്ലല്ലോ. തുണികളൊന്നും ഉണങ്ങിക്കിട്ടുന്നില്ല. എല്ലാസ്ഥലവും ചെളികെട്ടിക്കിടക്കുന്നു എന്നു പറഞ്ഞു തുടങ്ങും. അല്ലാഹു സൂര്യപ്രകാശം നല്കിത്തുടങ്ങുമ്പോൾ അവർ പറയും എന്തൊരു വെയിൽ ആണ് ഇത്, ചൂട് സഹിക്കുവാൻ കഴിയുന്നേയില്ല എന്ന്. ചുരുക്കത്തിൽ അല്ലാഹുവിന്റെ അടയാളങ്ങളും ദൃഷ്ടാന്തങ്ങളും അവൻ ഭൂമിയിലേക്ക് ധാരാളമായി ഇറക്കുന്നുണ്ടെങ്കിലും, മിക്കവരും പറയുന്നത് നാമിപ്പോൾ കലിയുഗ

ത്തിലാണ് ജീവിക്കുന്നത് എന്നത്രേ.

നമ്മുടെ ലോകം ഇപ്പോൾ എല്ലാം അർത്ഥത്തിലും കീഴ്മേൽ മറിഞ്ഞിരിക്കുന്നു. പോഷണദാരിദ്ര്യം എന്ന പ്രതിസന്ധി അഭിമുഖീകരിക്കുകയാണ് ലോകത്തിലെ പലഭാഗങ്ങളും, രാജ്യങ്ങളിൽ ഭക്ഷ്യക്ഷാമം അനുഭവപ്പെടും. ഈ വക വിപത്തുകളെപ്പറ്റി വിശുദ്ധഗ്രന്ഥങ്ങളിൽ മുൻകൂട്ടി പറഞ്ഞു വെച്ചിട്ടുണ്ട്. ഇങ്ങനെ വിരൽ ചൂണ്ടുന്നത് ഒരു ദൂതന്റെ നിയോഗത്തിലേക്കു തന്നെയാണ്. ഏതു മതവിഭാഗത്തിൽപ്പെട്ട പ്രവാചകൻ (ദൈവദൂതൻ) ആഗതനായി എന്നു പറയപ്പെട്ടാൽ, അയാൾ അത് അംഗീകരിക്കും എന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?

ആദ്യം അയാൾ ഒരുപക്ഷേ അത് സമ്മതിച്ചു എന്നു വരാം. പക്ഷേ ദൈവനിയോഗിതനായ ദൂതൻ താനാണ് ആ വ്യക്തി എന്ന് വിളംബരം ചെയ്തുകഴിഞ്ഞാൽ ആ നിമിഷം മുതൽ അയാൾ ഉൾപ്പടെയുള്ള സമൂഹം അതിനെതിരെ നിഷേധാത്മകമായ നിലപാടുകൾ സ്വീകരിക്കുന്നതാണ്. ഹസ്രത് മുഹമ്മദ് (സ)യുടേയും, അദ്ദേഹത്തെ മുൻകടന്നുപോയ പ്രവാചകന്മാരുടെയും ചരിത്രം അതാണ് നമ്മെ പഠിപ്പിക്കുന്നത്. അറേബ്യാ രാജ്യത്തെ ജനങ്ങൾക്ക് തിരുനബി(സ)യോട് അളവറ്റ സ്നേഹവും ആദരവും ഒക്കെയുണ്ടായിരുന്നു. അവർ അദ്ദേഹത്തെ പൂർണ്ണമായി വിശ്വാസയോഗ്യനായി കരുതുകയും, അമീൻ ആയും, സിദ്ദീഖ് ആ യും പരിഗണിക്കുകയും ചെയ്തിരുന്നു. അറേബ്യയിലെ ഏറ്റവും വിശ്വസ്തനായിരുന്നു അദ്ദേഹം. പക്ഷേ, താൻ ദൈവത്താൽ നിയോഗിതനായ പ്രവാചകനാണെന്നു പ്രഖ്യാപിക്കുകയും, ഇസ്ലാമിലേക്ക് അവരെ സ്നേഹത്തോടെ ക്ഷണിക്കുകയും ചെയ്തപ്പോൾ മുതൽ അവരുടെ സ്വഭാവം മാറി. അവർ അദ്ദേഹത്തിനെതിരിൽ വ്യാജാരോപണങ്ങൾ ഉന്നയിക്കുകയും ചെയ്യാൻ തുടങ്ങി.

ഇവിടെ ചരിത്രം ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അല്ലാഹു അവന്റെ പ്രതിനിധിയെ ഭൂമിയിലേക്ക് നിയോഗിക്കുമ്പോൾ, ജനങ്ങൾ അവരെ ഇരുകയ്യും നീട്ടി തുറന്ന മനസ്സോടെ സ്വീകരിക്കും എന്നും നിങ്ങൾ കരുതുന്നുണ്ടോ?

അതിനാലാണ്, വിശുദ്ധഖുർആനിൽ അല്ലാഹു മുഹമ്മദ്

നബി(സ)യോട് അവിശ്വാസികളായ ആളുകളെ അവരുടെ ഇഷ്ടത്തിനു വിട്ടേക്കാൻ പറഞ്ഞിരിക്കുന്നത്. അതേസമയം അല്ലാഹുവിന്റെ വചനങ്ങൾക്ക് വിലകല്പിക്കുന്നവർ, തങ്ങൾക്ക് സാക്ഷ്യം വഹിക്കുന്ന ഓരോ അടയാളത്തിനും അൽഹംദുലില്ലാഹ് എന്ന സ്തുതി വചനം കൊണ്ട് അഭിവാദ്യം അർപ്പിക്കുന്നു.

പശ്ചാത്തപിക്കുന്നവരോടൊപ്പം അല്ലാഹു ഉണ്ട് എന്ന് വിശ്വാസികളോട് പറയുവാൻ അല്ലാഹു തിരുനബി(സ)യോട് പറഞ്ഞിരിക്കുന്നു. അതുപോലെ അവർക്ക് മാർഗ്ഗദർശനം നല്കുന്നതിനും, അവരെ പരിശുദ്ധമാക്കുന്നതിനും.

الَّذِينَ آمَنُوا وَتَطْمَئِنُّ قُلُوبُهُم بِذِكْرِ اللَّهِ ۗ أَلَا
بِذِكْرِ اللَّهِ تَطْمَئِنُّ الْقُلُوبُ ﴿٢٩﴾

**13 : 29**

29. അവരത്രെ വിശ്വസിക്കുകയും, അല്ലാഹുവിന്റെ സ്മരണ മൂലം മനസ്സമാധാനം പ്രാപിക്കുകയും ചെയ്തവർ. അറിയുക, അല്ലാഹുവിന്റെ സ്മരണകൊണ്ടു മാത്രമേ, മനസ്സമാധാനം കൈവരികയുള്ളൂ.

രാത്രിയിലും, പകലിലും അല്ലാഹുവിനെ സ്മരിക്കുകയും, തങ്ങളുടെ സർവ്വമാന പ്രശ്നങ്ങൾക്കും പരിഹാരത്തിനായി തങ്ങളുടെ നാഥനോട് യാചിക്കുകയും, അവനോടുള്ള ഭയത്താൽ, അവന്റെ മുന്നിൽ അങ്ങേയറ്റം ആത്മാർത്ഥതയോടെ കുമ്പിടുകയും ചെയ്യുന്ന അവർ മനസ്സമാധാനം പ്രാപിച്ചവർ ആയിരിക്കും എന്ന് അല്ലാഹു പറയുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നാം ഓരോരുത്തരും, ദീനേന വിശുദ്ധഖുർആൻ അർത്ഥസഹിതം പാരായണം ചെയ്യുകയും, തിരുനബി(സ)യുടെയും മസീഹ് മൗഊദ് (അ)യുടെയും ജീവചരിത്രം പഠിക്കുകയും, അല്ലാഹുവിന്റെ ഗുണനാമങ്ങൾ ഉരുവിടുകയും, 40 റബ്ബനാ ദുആകൾ ചൊല്ലുകയും, തുടർന്ന് ജമാഅത്തായി ദുആയിലേർപ്പെടുകയും ചെയ്യുന്നു. ശേഷം നാം ദഅ്‌വയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിക്കുന്നു. നാം അല്ലാഹുവിനോട് പൊറുക്കലിനെ തേടുകയും ചെയ്യുന്നു. നമ്മുടെ അപര്യാപ്തകളെ (ബലഹീനതകളെ) പറ്റി ബോധവാനായിരിക്കുമ്പോഴും

നാം അല്ലാഹുവിനോട് ദുആ ചെയ്യുന്നത്, ഓ! അല്ലാഹ് ഞങ്ങളുടെ ദുആ സ്വീകരിക്കേണമേ ! അടുത്തനിമിഷം ഞാൻ ജീവിച്ചിരിക്കുന്നുവെങ്കിൽ നിന്നിലേക്ക് എത്തുവാനുള്ള പാതയൊരുക്കുന്ന ശ്രമത്തിൽ ആക്കേണമെ! ഇനി, ഈ നൈമിഷിക ലോകത്തു നിന്നും നീയെന്നെ ഒപ്പം കൂട്ടുകയാണെങ്കിൽ, അല്ലാഹുവേ നീയെന്നെ നേർമാർഗ്ഗത്തിൽ തന്നെ ആക്കേണമേ! എന്നാണ്, ഉറക്കം എന്നത് മരണത്തെപോലെ തന്നെയാണ്. അടുത്ത പകലിൽ നാം ഉണ്ടാവുമോ എന്നുപോലും നാം അറിയുന്നില്ല.

ദിക്ർ ചെയ്തുകഴിയുമ്പോഴുള്ള നമ്മുടെ മാനസികവസ്ഥ എന്താണെന്ന് ശ്രദ്ധിച്ചിട്ടുണ്ടോ?

നമ്മുടെ ദുആകൾ അല്ലാഹു സ്വീകരിച്ചു എന്ന സംതൃപ്തിയും, മനസ്സമാധാനവും നമുക്ക് അനുഭവപ്പെടുന്നു. (ഇൻശാഹ് അല്ലാഹ്) അതിരാവിലെ തഹജ്ജൂദ് നമസ്ക്കാരത്തോടെ നാം നമ്മുടെ ദിനം ആരംഭിക്കുകയും, തുടർന്ന് ദിനേനയുള്ള 5 നേര നിർബന്ധ നമസ്ക്കാരങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നു. ഇവയ്ക്കായി നാം നമ്മുടെ ആലസ്യത്തെ അകറ്റി നിർത്തുന്നു.

ഫജ്ർ നമസ്ക്കാരാനന്തരം നാം വിശുദ്ധഖുർആൻ അർത്ഥസഹിതം പാരായണം ചെയ്യുകയും, 2,3, ഹദീസുകൾ വായിക്കുകയും ചെയ്യുന്നു. ഇത് തിരുനബി(സ)യുടെ ചര്യകൾ എങ്ങനെ ആയിരുന്നു എന്ന് പഠിക്കുവാനാണ് അങ്ങനെ ആ ചര്യകളെ നമ്മുടെ ജീവിതത്തിൽ പകർത്തുവാനായി അല്ലാഹു(ത) രാവും പകലും അവനെ സ്മരിക്കുകയും, അവനെയും, അവന്റെ പ്രവാചകനെയും അങ്ങേയറ്റം സ്നേഹിക്കുകയും ചെയ്യുന്ന എല്ലാ വിശ്വാസികളെയും (അവർ തങ്ങൾക്ക് ബലഹീനതകളുള്ളവരായിരിയ്ക്കേതന്നെ പാപപ്പൊറുതിയ്ക്കായി പശ്ചാത്തപിച്ചുമടങ്ങുന്നവരാണ്) അഭിസംബോധന ചെയ്തുകൊണ്ട് എന്റെ പ്രിയപ്പെട്ടവർ എന്നു വിളിക്കുകയും, ഞാൻ അവർക്ക് നേർമാർഗ്ഗദർശനം നല്കുകയും, സക്കീനയാൽ അവരുടെ ഹൃദയങ്ങളെ നിറയ്ക്കുകയും ചെയ്തിരിക്കുന്നു എന്നു പറയുകയും ചെയ്യുന്നു,

സക്കീന എന്നത് പ്രശാന്തതയാണ്. അത് മനസ്സിനും ഹൃദയത്തിനും സമാധാനവും ശാന്തിയും പകർന്നു നല്കുന്നു.

ചുരുക്കത്തിൽ ദിക്ർ, ദുആ, നമസ്ക്കാരം, തിലാവത്ത്-എ-ഖുർആൻ തുടങ്ങിയവയിലൂടെ അല്ലാഹുവിനെ സ്മരിക്കുക വഴി നിങ്ങൾക്ക് സക്കീന കൈവരിക്കുവാൻ സാധിക്കുന്നതാണ്. അത് അല്ലാഹുവിൽ നിന്നും ഒരു മനുഷ്യന് ലഭിക്കുന്ന ഏറ്റവും വലിയ ഉപഹാരം ആകുന്നു.

നമുക്കൊക്കെ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരികയും, അവയെല്ലാം തന്നെ അല്ലാഹു അവന്റെ സ്വന്തം കൈകളാൽ തട്ടിമാറ്റിക്കളയുകയും ചെയ്യുന്നു. പലപ്പോഴും തരണം ചെയ്യാൻ പറ്റില്ല എന്നു കരുതുന്ന പല പ്രശ്നങ്ങളിലും, അല്ലാഹുവിന്റെ കരങ്ങൾ കൂടെയുള്ളവർക്ക്, ആ പ്രയാസങ്ങളെല്ലാം തന്നെ കണ്ണുചിമ്മിത്തുറക്കുന്നതിനിടയിൽ ഇല്ലാതായി മാറുന്നത് കാണാം. അല്ലാഹു ഒപ്പമുള്ളപ്പോൾ നമുക്ക് അസാധ്യമായതൊക്കെ നിഷ്പ്രയാസം സാധ്യമായി മാറുന്നു. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പടപൊരുതുന്ന ഒരു പോരാളി വിജയശ്രീലാളിതനാവുക തന്നെ ചെയ്യും. അല്ലാഹു തന്റെ ദാസരെ അനേകം പരീക്ഷണങ്ങൾക്കു വിധേയമാക്കും എന്ന കാര്യം മറക്കരുത്. അവൻ, അല്ലാഹു, അവരെ അവരുടെ പ്രിയപ്പെട്ടവരുടെ, വേർപാടുകൊണ്ടും, നഷ്ടം കൊണ്ടും പരീക്ഷിക്കും. അങ്ങനെ തന്റെ ദാസർക്ക്, ഈ ലോകം നൈമിഷികമാണെന്നും, ഇതിലുള്ളവയെല്ലാം ഇല്ലാതാകുന്നതാണെന്നും, അല്ലാഹു മാത്രമേ ശാശ്വതമായി നിലനില്ക്കുകയുള്ളൂ എന്നും മനസ്സിലാക്കി കൊടുക്കുകയും ചെയ്യും. അല്ലാഹു നമ്മിലുള്ള സത്പ്രവൃത്തികളെ മാത്രമേ പരിഗണിക്കുകയുള്ളൂ-നമുക്ക് അല്ലാഹുവിനോടും, അവന്റെ പ്രവാചകനോടും ഉള്ള സ്നേഹവും അനുസരണയും മാത്രം.

الَّذِيْنَ اٰمَنُوْا وَعَمِلُوا الصّٰلِحٰتِ طُوْبٰى لَهُمْ
وَحُسْنُ مَاٰبٍ ٢٩

**13 : 30**

30. വിശ്വസിക്കുകയും, സത്ക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവരാരോ, അവർക്ക് സൗഭാഗ്യവും തിരിച്ചു ചെല്ലു

വാനുള്ള ഏറ്റവും നല്ല സങ്കേതവും ഉണ്ട്. ഇത് സൂചിപ്പിക്കുന്നത് അല്ലാഹുവിനെ മുറുകെ പിടിക്കുന്ന വിശ്വാസികൾ, അവർ ജീവിതത്തിൽ എത്ര ബുദ്ധിമുട്ടുകൾ സഹിക്കേണ്ടി വന്നാലും, തങ്ങളുടെ പ്രിയപ്പെട്ടവരുടെ വേർപാടുകളും, പ്രിയങ്കരമായവയുടെ നഷ്ടവും ഒക്കെയുണ്ടായാലും, അവർ, സൽക്കർമ്മങ്ങളിൽ മുന്നേറിക്കൊണ്ടിരിക്കുന്നവരും, തങ്ങൾക്ക് തങ്ങളുടെ റബ്ബും, തങ്ങളുടെ റസൂലും നഷ്ടമായിട്ടില്ല അതുമാത്രം മതി എന്ന് ആത്മാർത്ഥമായി ആഗ്രഹിയ്ക്കുന്നവരുമത്രേ. ഭൗതീകമായ നഷ്ടങ്ങൾ ഒന്നിനു പിറകേ ഒന്നായി ഉണ്ടായിക്കൊണ്ടിരിക്കുമ്പോഴെല്ലാം അവർ ചിരിച്ചുകൊണ്ടെയിരിക്കും. അല്ലാഹുവിന്റെ കരങ്ങൾ പിടിയ്ക്കാൻ നിങ്ങൾക്ക് സാധിച്ചാൽ, നിങ്ങൾക്കെല്ലാം ലഭിച്ചു എന്നാണ് അർത്ഥം. പക്ഷേ, നിങ്ങൾ അവനിൽ നിന്ന് അകന്നുപോയാൽ, നിങ്ങൾക്ക് വലിയ ബംഗ്ലാവുകളും, സ്വത്തും, പ്രതാപവും മറ്റെല്ലാ ഭൗതീക സുഖസൗകര്യങ്ങളും ഉണ്ടെങ്കിൽ തന്നെയും നിങ്ങൾ ഒന്നും നേടിയിട്ടില്ല എന്ന് ചുരുക്കം. കാരണം നിങ്ങൾ നിങ്ങളുടെ ഹൃദയങ്ങളിൽ അഹന്തയും ധാർഷ്ട്യവും മാത്രമേ ശേഖരിച്ചിട്ടുള്ളു. നിങ്ങൾ അല്ലാഹുവിനെ പൂർണ്ണമായി കൈവിട്ടുകളഞ്ഞിരിക്കുന്നു. സത്ക്കർമ്മം എന്നത് സത്പ്രവൃത്തികൾ, നല്ല ചിന്തകൾ, ധനം, ഹൃദയത്തിൽ നിന്നും ഉതിരുന്ന ഹൃദ്യമായ ഒരു പുഞ്ചിരി, ആവശ്യക്കാരനെ സഹായിക്കുന്നത്, രോഗികളെയും, പീഡകൾ അനുഭവിക്കുന്നവരെയും, വൃദ്ധരെയും പരിപാലിക്കുന്നത്, മറ്റുള്ളവരോട് സ്നേഹപൂർവ്വവും സൗമ്യതയോടെയും സംസാരിക്കുന്നത് ആരോടും വെറുപ്പ് കാട്ടാതിരിക്കൽ, തങ്ങളുടെ അറിവുകൾ പങ്കുവെക്കൽ (പ്രത്യേകിച്ച് വിശുദ്ധഖുർആൻ വചനങ്ങൾ മറ്റുള്ളവരെ പഠിപ്പിയ്ക്കൽ) എന്നിവയെ ഉൾക്കൊള്ളുന്നു. ഇവയെല്ലാം നല്ല പ്രവൃത്തികളാണ് എല്ലാവരും നമ്മെ പരിഹാസഭാവത്തോടെയും, വിമർശനബുദ്ധിയോടെയും മാത്രമേ കാണുകയുള്ളൂ എന്നു കരുതേണ്ട. അവരിലും നല്ലവർ ഉണ്ട്. അവരും നല്ലവരും സവിശേഷ ബുദ്ധിയുള്ളവരുമാണ്. പിന്നീട് അങ്ങനെയുള്ളവർ സത്യത്തെ സ്വീകരിക്കുക തന്നെ ചെയ്യും. അവരും ആത്മീയതലത്തിൽ

സത്കർമ്മങ്ങൾ ചെയ്യുന്നവരാണ്-അവർ നമസ്ക്കാരം, ദിക്ർ, ഖുർആൻ പഠനം, ഹദീസ് പഠനം തുടങ്ങിയവ നിർവ്വഹിക്കുകയും, തിന്മയെ ഒഴിവാക്കി നന്മയെ സ്വീകരിക്കുകയും, സംസാരിക്കുമ്പോൾ മാന്യമായതും വിനയം നിറഞ്ഞതുമായ ഭാഷ ഉപയോഗിക്കുകയും, മുതിർന്നവരോടും, കുഞ്ഞുങ്ങളോടും മൃദുവായി പെരുമാറുകയും, അല്ലഹാവിനോട് ആത്മാർത്ഥമായ ഭയഭക്തി വച്ചു പുലർത്തുകയും ചെയ്യുന്ന സത്യാന്വേഷികളാണ്. അത്തരക്കാർക്ക് അല്ലാഹുവിൽ നിന്നും പ്രതിഫലമായി സക്കീന ലഭിയ്ക്കുന്നതാണ്-അത് ഐഹികലോകത്തിൽ മാത്രമല്ല പാരത്രീകലോകത്തും. ഇൻശാഹ് അല്ലാഹ്. അങ്ങനെ നിങ്ങൾക്ക് സ്വർഗ്ഗം പ്രതിഫലമായി ലഭിച്ചുകഴിഞ്ഞാൽ ഐഹികലോകത്ത് നിങ്ങൾക്ക് ഉണ്ടായ നഷ്ടങ്ങളൊന്നും തന്നെ ഒരുനഷ്ടമായി നിങ്ങൾക്ക് അനുഭവപ്പെടുകയേയില്ല. ഇത്തരം പ്രതിഫലം കൊണ്ട് അനുഗ്രഹിയ്ക്കപ്പെട്ടു കഴിഞ്ഞാൽ, ഐഹികലോകത്തേക്ക് തിരികെ പോരുവാനുള്ള ഒരു അവസരം തരുകിൽ പോലും നിങ്ങൾ ഭൂമിയിലേക്ക് തിരികെ വരുവാൻ ആഗ്രഹിക്കുകയേയില്ല. ഇനി അഥവാ, നിങ്ങൾ ഭൂമിയിലേക്ക് വന്നാൽ തന്നെ, ഇവിടെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ എത്ര കഠിനമേറിയ പ്രവൃത്തികൾ ചെയ്യുവാനും തയ്യാറാവുക തന്നെ ചെയ്യും. കാരണം പാരത്രിക ലോകത്തെ പ്രതിഫലം എത്ര മഹത്തരം ആണ് എന്ന് നിങ്ങൾ മനസ്സിലാക്കി കഴിഞ്ഞു. പക്ഷേ അല്ലാഹു പറയുന്നത്. ഞാൻ എന്നിലേക്ക് വിളിച്ചവരെ ആരെയും തിരികെ ഭൂമിയിലേക്ക് അയയ്ക്കുകയില്ല എന്നത്രേ.

ചുരുക്കിപ്പറഞ്ഞാൽ, നാം ഈ ഭൂമിയിൽ ആയിരിക്കുന്നിടത്തോളം, നമ്മെക്കടന്നുപോകുന്ന നിമിഷങ്ങളെയും, ദിനങ്ങളും, ആഴ്ചകളും, മാസങ്ങളും, വർഷങ്ങളുമൊന്നും തിരികെ ലഭിക്കുന്നതല്ല. ആയതിനാൽ നമുക്ക് പശ്ചാത്തപിച്ചു മടങ്ങുകയും, നമ്മുടെ വിശ്വാസത്തിന്റെ മാറ്റു കൂട്ടുവാനുള്ള കർമ്മങ്ങളിൽ ഏർപ്പെടുകയും ചെയ്യാം. അല്ലാഹുവിനോടും, അവന്റെ പ്രവാചകനോടും പരിപൂർണ്ണ അനുസരണം പുലർത്തിക്കൊണ്ട് നമുക്ക് പശ്ചാത്തപിച്ചു മടങ്ങാം. അല്ലാഹു നമുക്ക് നല്ല ആരോഗ്യം നല്കുമാറാകട്ടെ. അല്ലാഹു നമ്മെ അനുഗ്രഹിയ്ക്കുകയും ആശീർവാദിക്കുകയും ചെയ്യുമാറാകട്ടെ. ലോകത്തിന്റെ ഓരോ മുക്കിലും മൂലയിലും അവന്റെ

സന്ദേശം എത്തിയ്ക്കുവാൻ നമുക്ക് സാധിയ്ക്കുമാറാകട്ടെ.

ഈ സന്ദേശങ്ങൾ വൻപടക്കങ്ങൾ പോലെ നമ്മുടെ ഹൃദയങ്ങളിലേക്ക് ആഴ്ന്നിറങ്ങുകയും, നമ്മുടെ തന്നെ നന്മയ്ക്കായി, നമ്മെ മാറ്റിമറിയ്ക്കത്തക്കവണ്ണം നമ്മുടെ ഞരമ്പുകളെ ത്രസിപ്പിയ്ക്കുകയും ചെയ്യുമാറാകട്ടെ.

അല്ലാഹു അല്ലാത്ത എന്തിനേയും ദൂരേക്ക് പറിച്ചെറിയുവാനുള്ള ശേഷി നമുക്ക് ലഭിക്കുമാറാകട്ടെ. അല്ലാഹുവിന്റെ പ്രീയമിത്രങ്ങൾ ആയി മാറുവാനുള്ള തൗഫീക്ക് നല്കുകയും തഹ്ജ്ജുദ്, ഫജ്ർ നമസ്ക്കാരങ്ങൾ നിർവ്വഹിക്കുവാനും, തുടർന്ന് ദിക്ർ, തിലാവത്ത്-എ-ഖുർആൻ തുടങ്ങിയവ ചെയ്യുവാനുമായി പ്രഭാതത്തിൽ വളരെ നേരത്തെ ഉണർന്നെണീക്കുവാനുള്ള തന്റേടം നല്കി അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ!

അല്ലാഹു(ത) നമുക്ക് അവന്റെ പ്രത്യേക അനുഗ്രഹങ്ങളും കടാക്ഷങ്ങളും നല്കി അനുഗ്രഹിയ്ക്കുകയും, എല്ലാ പരീക്ഷണങ്ങളിലും, പ്രതിസന്ധിഘട്ടങ്ങളിലും നമ്മുടെ ഒപ്പം ഉണ്ടായിരിക്കുകയും ചെയ്യുമാറാകട്ടെ!

അല്ലാഹുവിന്റെ സന്ദേശത്തെ മുറുകെപിടിക്കുന്നവരാക്കി മാറ്റുകയും, അതിന്റെ നേട്ടങ്ങൾ സ്വായത്തമാക്കുന്നവരുമാക്കി അല്ലാഹു നമ്മെ അനുഗ്രഹിയ്ക്കുമാറാകട്ടെ! കാരണം കണക്കു ബോധിപ്പിക്കുവാനായി നമുക്ക് ഒരു നിശ്ചിത ദിവസം അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരാവേണ്ടതുണ്ട്! അല്ലാഹു നമ്മുടെ ശാശ്വത സംരക്ഷകനായി കൂടെയുണ്ടാകുമാറാകട്ടെ!

ആമീൻ!



*Translated By :*
*Mukarram R. Jamaludin Raother*
*Fauzia Jamal Zain & Fazil Jamal*
*Issued By :*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*